**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സാന്നിധ്യത്തിൽത്തന്നെ റൂളിംഗ് നൽകണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ, സഭയിൽനിന്ന് പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപോയിരിക്കുകയാണ്.

ഇന്ന് ചട്ടം 304 പ്രകാരം ശ്രീ. വി. ജോയി സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഇതേ വിഷയം സംബന്ധിച്ച് 09-10-2024-ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതുസംബന്ധിച്ച ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ചൂണ്ടിക്കാണിച്ചത്. പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമെന്ന നിലയിൽ സദുദ്ദേശ്യത്തോടെയാണ് അത്തരമൊരു ഘട്ടത്തിൽ ചെയർ പ്രസ്തുത സബ്മിഷന് അനുമതി നൽകിയത്. നേരത്തെയും ഇത്തരം സമീപനമാണ് ചെയർ സ്വീകരിച്ചത്. സബ്മിഷന്റെ കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് ഓരോ ഘട്ടത്തിലും ചെയർ സ്വീകരിച്ചിട്ടുള്ളത്. പക്ഷേ, നിയമസഭാ സെക്രട്ടേറിയറ്റിനെതിരെയും ചെയറിനെതിരെയും അനുചിതമായ പ്രസ്താവനയാണ് പ്രതിപക്ഷനേതാവ് സഭയിൽ നടത്തിയത്.

അത്തരം ആക്ഷേപങ്ങൾ സഭയ്ക്കകത്ത് നടത്തിയെന്നുമാത്രമല്ല, സഭയ്ക്ക് പുറത്തും ഇത്തരം പരാമർശങ്ങൾ അദ്ദേഹം ആവർത്തിക്കുകയുണ്ടായി. ഇത്തരം രീതി അനുചിതമാണ്. ഭാവിയിൽ ചെയറിനെതിരെ പത്രക്കാരോട് ഇത്തരം പരാമർശങ്ങൾ നടത്തുന്നരീതി ശരിയല്ലെന്ന കാര്യം ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.